# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 924 11.06.2014-ലെ മറുപടിക്ക്

## ചികിത്സാ ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.എ.പി.അനിൽ കുമാർ<br>(ബഹു. പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി ) |

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി വികസന വകുപ്പ് വഴി വിതരണം ചെയ്ത ചികിത്സാ ധനസഹായത്തുകയുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എ)

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 2,62,76,600/- |
| 2 | കൊല്ലം | 1,39,64,000/- |
| 3 | പത്തനംതിട്ട | 1,56,94,800/- |
| 4 | ആലപ്പുഴ | 2,37,78,000/- |
| 5 | കോട്ടയം | 70,40,500/- |
| 6 | ഇടുക്കി | 69,80,000/- |
| 7 | എറണാകുളം | 4,39,33,827/- |
| 8 | തൃശ്ശൂർ | 5,04,29,000/- |
| 9 | പാലക്കാട് | 3,18,54,600/- |
| 10 | മലപ്പുറം | 5,21,48,000/- |
| 11 | കോഴിക്കോട് | 1,86,54,200/- |
| 12 | വയനാട് | 30,70,500/- |
| 13 | കണ്ണൂർ | 74,92,000/- |
| 14 | കാസർഗോഡ് | 1,18,48,400/- |

(ബി) വിവിധതരം രോഗങ്ങൾക്ക് നൽകുന്ന തുകയുടെ മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) ചികിത്സിക്കുന്ന ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റി വയ്ക്കൽ, ഡയാലിസിസ്, ബ്രയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സയ്ക്ക് പരമാവധി ഒരു ലക്ഷം രൂപയും മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച്

50,000/- രൂപ വരെയും അനുവദിക്കുന്നു.

(സി) മിഷൻ 676- പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന ക്ഷേമ പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ?

1. മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 50,000/- രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള മാതാപിതാക്കൾക്ക് ജനിക്കുന്ന പെൺകുട്ടികളുടെ ജീവിത സുരക്ഷ മുൻനിർത്തി നവജാത ശിശുവിന്റെ പേരിൽ 50,000/- രൂപ ട്രഷറിയിൽ സ്ഥിര നിക്ഷേപം നടത്തുന്ന 'വാത്സല്യ നിധി' പദ്ധതി ഈ വർഷം നടപ്പിലാക്കും. 18 വയസ് പൂർത്തിയാകുന്ന മുറയ്ക്ക് പെൺകുട്ടിക്ക് ഈ തുക പലിശ സഹിതം വിവാഹം, ഉന്നത വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

2. പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർ, സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2010-ന് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ 1,00,000/- രൂപ വരെയുള്ള വായ്പകൾ എഴുതി തള്ളുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

3.സ്കൂൾ തലത്തിൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിജയ ശതമാനം പൊതു വിഭാഗം വിദ്യാർത്ഥികൾക്ക് ഒപ്പം എത്തിക്കുന്നതിനായി 8,9,10 സ്റ്റാൻഡേർഡുകളിൽ പഠിക്കുന്ന പട്ടിക ജാതി

വിഭാഗം വിദ്യാർത്ഥികൾക്കായി പ്രത്യേക പരിശീലനം നൽകുന്നതിന് 'വിദ്യാജ്യോതി' എന്ന പേരിൽ ഒരു പുതിയ പദ്ധതി ആരംഭിക്കും. ഇതോടൊപ്പം പ്രൈമറി വിദ്യാർത്ഥികളെയും സജ്ജരാക്കു ന്നതിനായി പ്രൈമറി തലത്തിൽ സർക്കാർ - എയ്ഡഡ് വിദ്യാല യങ്ങളിൽ പഠിക്കുന്ന എല്ലാ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും യൂണിഫോം, കുട, ബാഗ്, ചെരുപ്പ് എന്നിവ സൗജന്യമായി നൽകുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നു.

4. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള സ്മൃതി വനം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് സന്നദ്ധരാകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പരമാവധി 25 ലക്ഷം രൂപ വരെ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിച്ച് നൽകു ന്നതിന് ഉദ്ദേശിക്കുന്നു.

Rashmi

സെക്ഷൻ ഓഫീസർ